## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. **1881** — **14/07/2011** ൽ മറുപടിയ്ക്ക്

### പ്രകൃതി ചികിത്സാ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് രജിസ്ട്രേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.റ്റി.ബൽറാം;<br>ശ്രീ.ബെന്നി ബെഹനാൻ;<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി;<br>ശ്രീ.പി.സി.വിഷ്ണു നാഥ്. | ശ്രീ. അടൂർ പ്രകാശ്<br>(ബഹു.ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) പ്രകൃതി ചികിത്സയെ സംബന്ധിച്ചും ഈ ചികിത്സാ രീതിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് രജിസ്ട്രേഷൻ നൽകുന്നത് സംബന്ധിച്ചും പഠിക്കുന്നതിനായി റിട്ടയേർഡ് ജസ്റ്റീസ് കെ.കെ.നരേന്ദ്രൻ ചെയർമാനായി കമ്മീഷനെ നിയോഗിച്ചിരുന്നോ. | (എ) നിയോഗിച്ചിരുന്നു. |
| (ബി) ഈ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ. | (ബി) ഉണ്ട്. കമ്മീഷന്റെ റിപ്പോർട്ടിന്റെ പകർപ്പ് ഉളളടക്കം ചെയ്യുന്നു. |
| (സി) ഈ റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും ആയതിലെ ശുപാർശകളിന്മേൽ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടോ;<br>(ഡി) ഇതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ; | (സി)& (ഡി)<br>ഇല്ല. |
| (ഇ) പ്രകൃതി ചികിത്സാ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് രജിസ്ട്രേഷൻ നൽകുന്നത് സംബന്ധിച്ച് 14/4/2011 ൽ ഹൈക്കോടതി വിധി പുറപ്പെടുവിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(എഫ്) പ്രസ്തുത കോടതി വിധിയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ; | (ഇ) & (എഫ്)<br>ശ്രീ. ജി.ചന്ദ്രശേഖരൻ നായർ മുതൽ 7 പേർ ബഹു. ഹൈക്കോടതി. യിൽ ഫയൽ ചെയ്ത 8193/2011 നമ്പർ റിട്ട് പെറ്റീഷനിൽ 04/04/2011 ന് പുറപ്പെടുവിച്ച വിധി ന്യായത്തിന്റെ പകർപ്പ് കൗൺസിലിൽ ലഭിച്ചിട്ടുണ്ട്. 17/03/2010 ലെ സ.ഉ.(അച്ചടി) 116/10/ആ.കു.വ. എന്ന ഉത്തരവിന് അനുസൃതമായി 'ബി' ക്ലാസ് രജിസ്ട്രേഷൻ |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിക്കുമെന്ന കാര്യം പ്രസ്താവിച്ച് ഹർജിക്കാരുടെ അപേക്ഷ ബഹു.ഹൈക്കോടതി നിർദ്ദേശ പ്രകാരം തീർപ്പാക്കിയിട്ടുണ്ട്. |
| (ജി) | പ്രകൃതി ചികിത്സാ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് രജിസ്ട്രേഷൻ നൽകി നിയമസാധുത ഉറപ്പാക്കുന്ന കാര്യം പരിഗണിക്കുമോ? | (ജി) | 17/03/2010 ലെ ജി.ഒ. (പി) നം.116/2010/ആ.കു.വ. പ്രകാരം പ്രകൃതി ചികിത്സാ രംഗത്ത് സ്വയം പഠനം നടത്തി ചികിത്സിക്കുന്നവരെ ചില വ്യവസ്ഥകൾക്ക് വിധേയമായി രജിസ്റ്റർ ചെയ്യുവാനുള്ള അനുവാദം തിരുവിതാംകൂർ - കൊച്ചി മെഡിക്കൽ കൗൺസിലിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ